**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4047** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പകർച്ച വ്യാധികൾ, വിവിധയിനം ജലജന്യ രോഗങ്ങൾ എന്നിവ മൂലവും വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ കുറവ് മൂലവും വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഫാമിലി ഹെൽത്ത് സെന്ററുകൾ വഴി ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി ഫാമിലി ഹെൽത്ത് സെന്ററുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ വിവിധ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ആശാ പ്രവർത്തകർ, ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ എന്നീ ഫീൽഡ് വിഭാഗം ജീവനക്കാർ ഭവന സന്ദർശനം നടത്തി പകർച്ചവ്യാധികൾ, ജലജന്യരോഗങ്ങൾ എന്നിവയെക്കുറിച്ചും വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ആഹാര ശുചിത്വം തുടങ്ങിയവയുടെ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരണ സന്ദേശങ്ങളും ജാഗ്രതാ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്.<br><br>സബ് സെന്ററുകൾ, അംഗണവാടികൾ എന്നിവ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ നടത്തുകയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു വരുന്നു. അംഗണവാടികളിൽ മദേഴ്സ് മീറ്റിംഗുകളും കൗമാര പ്രായക്കാർക്കുള്ള ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ആരോഗ്യ സന്ദേശങ്ങൾ യഥാസമയം നൽകുകയും പ്രതിജ്ഞ ചൊല്ലൽ, ക്വിസ്, ഉപന്യാസ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ഇതോടൊപ്പം നോട്ടീസുകൾ, പോസ്റ്ററുകൾ, ബാനറുകൾ, ഡിസ്പ്ലേ ബോർഡുകൾ എന്നിവയും പ്രദർശിപ്പിച്ച് വരുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പു വരുത്തി യോഗങ്ങൾ ചേരുകയും |

| | | | |
|---|---|---|---|
| | | | ദിനാചരണങ്ങൾ, റാലികൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ പൊതുജന പങ്കാളിത്തത്തോടെ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ ഉപയോഗപ്പെടുത്തി സമൂഹത്തിലെ രോഗ വിവരങ്ങൾ ശേഖരിക്കുന്നതിനും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ജെ.പി എച്ച് എൻ) വിവര ശേഖരണം നടത്തുകയും അവ RCH Portal, HMIS എന്നീ സോഫ്റ്റ്വെയറുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത വിവരങ്ങൾ വിവിധതലത്തിൽ നടത്തുന്ന യോഗങ്ങളിൽ അവലോകനം ചെയ്ത് അതാത് പ്രദേശങ്ങളിൽ ആവശ്യമായ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നു. ഇത് കൂടാതെ ജെ.പി.എച്ച്.എൻ ഗർഭിണികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള വിവര ശേഖരണവും യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പ്രകാരമുള്ള വാക്സിനേഷൻ വിവരങ്ങളും ഫാമിലി പ്ലാനിംഗ് സംബന്ധിച്ച വിവരങ്ങളും മറ്റ് ഹെൽത്ത് പ്രോഗ്രാം സംബന്ധിച്ച വിവരങ്ങളും ശേഖരിക്കുന്നു. ഇതു കൂടാതെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ആവശ്യമായ വിവരങ്ങൾ ജെ.പി.എച്ച്.എൻ നൽകുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം സംയോജിത രോഗ നിരീക്ഷണ പരിപാടിയുടെ ഭാഗമായി (IDSP) രോഗ ലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നിരീക്ഷണ പ്രവർത്തനങ്ങളും സബ് സെന്റർ കേന്ദ്രീകരിച്ച് ജെ.പി.എച്ച്.എൻ മാർ നടത്തി വരുന്നു. കൂടാതെ കുട്ടികളിലെ വയറിളക്ക രോഗങ്ങൾ, പ്രതിരോധ കുത്തിവെയ്പുകൾ മൂലം തടയുവാൻ കഴിയുന്ന രോഗങ്ങൾ എന്നിവയുടെ നിരീക്ഷണവും നിയന്ത്രണവും സംബന്ധിച്ച വിവരശേഖരണവും (VPD Surveillance) ജെ.പി.എച്ച്.എൻ -മാർ നടത്തിവരുന്നുണ്ട്. ഇത് സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളിലും ജെ.എച്ച്.ഐ. മാരോടൊപ്പം ഇവരും പങ്കാളികൾ ആകുന്നുണ്ട്.<br><br>പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ബോധവൽക്കരണ സാമഗ്രികൾ (പോസ്റ്റർ, ബോർഡ്, ഐ.ഇ.സി കോർണർ) ഫാമിലി ഹെൽത്ത് സെന്ററുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഒ.പി വെയ്റ്റിംഗ് ഏര്യായിലുള്ള ടി.വി യിലൂടെ വിവിധ ആരോഗ്യ സന്ദേശങ്ങളടങ്ങിയ വീഡിയോകളുടെ പ്രദർശനവും നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ